വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈവശാവകാശം

108 (5790) ശ്രീ.മാങ്കോട് രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന പ്രദേശത്ത് താമസിക്കുന്ന ആദിവാസികൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം കൈവശാവകാശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ കാലഘട്ടത്തിൽ ആദിവാസി സെറ്റിൽമെന്റുകളിലേക്ക് വൈദ്യുതി, റോഡ് തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനപ്രദേശത്ത് താമസിക്കുന്ന ആദിവാസികൾക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം കൈവശാവകാശം നൽകിയിട്ടുണ്ട്. വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്ന നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് വനഭൂമിയിന്മേലുള്ള വ്യക്തിഗത അവകാശങ്ങൾക്കായി 36017 അപേക്ഷകളും സാമൂഹികാവകാശങ്ങൾക്കായി 1236 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇതുവരെ വ്യക്തിഗത അപേക്ഷകരിൽ 10238 കുടുംബങ്ങൾക്കായി 12105.47 ഏക്കർ ഭൂമിയിൽ അവകാശം കൊടുത്തിട്ടുണ്ട്. സാമൂഹികാവകാശം സംബന്ധിച്ച അപേക്ഷകളിൽ ഒന്നുംതന്നെ ഇതുവരെ തീരുമാനം ആയിട്ടില്ല.

(ബി) ഈ കാലഘട്ടത്തിൽ ആദിവാസി സെറ്റിൽമെന്റുകളിലേയ്ക്ക് വൈദ്യുതി, റോഡ് തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

വനവിഭവങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

109 (T5791) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവിഭവങ്ങളുടെ വിപണനത്തിനായി അപ്പക്സ് ബോഡി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ;

(ബി) ഇവയുടെ വിപണനത്തിന് ഓരോ ജില്ലയിലും ഓരോ കേന്ദ്രം തുടങ്ങുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) വന വിഭവങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കൂടി സംവിധാനം ഉണ്ടാകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നീ രംഗങ്ങളിൽ വനസംരക്ഷണ സമിതികൾക്കും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കും ആവശ്യമായ സാങ്കേതിക-സാമ്പത്തിക സേവനങ്ങൾ നൽകുന്നതിനായി സംസ്ഥാന വനവികസന ഏജൻസിയും ഇതിന്റെ ഭാഗമായി വനംവകുപ്പ് ആസ്ഥാനത്ത് 'വനശ്രീ സെല്ലും' 2010 ജൂൺ മുതൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേന ശേഖരിക്കുന്ന വനവിഭവങ്ങൾ മൂല്യവർദ്ധന നടത്തി വനശ്രീ എന്ന പേരിൽ ഇക്കോ ഷോപ്പുകൾ വഴി വിപണനം നടത്തി വരുന്നു. നിലവിൽ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2010-11 വർഷത്തിൽ 14 സ്ഥലങ്ങളിൽ കൂടി ഇക്കോഷോപ്പുകൾ പുതുതായി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വി.എസ്.എസ്./ഇ.ഡി.സി. മുഖാന്തിരം ശേഖരിക്കുന്ന വനവിഭവങ്ങൾ അതത് വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വനശ്രീ ഇക്കോഷോപ്പുകൾ വിപണനം നടത്തുന്നത്.

എൻ.റ്റി.എഫ്.പി. ഉൽപ്പന്നങ്ങളുടെ വിപണനം ക്രമീകരിക്കുന്നതിന് നടപടി

110 (5792) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.റ്റി.എഫ്.പി.യുടെ ശാസ്ത്രീയ ശേഖരണത്തിനും ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണനം ക്രമീകരിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഇത്തരം കാര്യങ്ങൾക്കുള്ള വൈദഗ്ധ്യം വികസിപ്പിക്കുന്നത് സഹായിക്കുന്നതിനായി വനശ്രീ എന്ന പേരിൽ ഒരു അപ്പക്സ് സംഘം സ്ഥാപിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) പ്രസ്തുത രംഗത്ത് എന്തൊക്കെ സേവനങ്ങൾ നൽകാനാണ് അപ്പക്സ് സംഘത്തിന് കഴിയുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ രൂപീകരിക്കുന്ന അപ്പക്സ് സംഘത്തിന്റെ ഘടനയും പ്രവർത്തന രീതികളും എന്തൊക്കെയായിരിക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ അപ്പക്സ് സംഘം എന്നുമുതൽ പ്രവർത്തിച്ചു തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?